

കൊച്ചിയിൽ കേരള അഗ്രി - ഫുഡ് പ്രോ മീറ്റ് കേന്ദ്രമന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്യുന്നു. ബെന്നി ബഹനാൻ എംഎൽഎ, മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, രാകേഷ് കാക്കർ, ഹൈബി ഈഡൻ എംഎൽഎ, ഡൊമിനിക് പ്രസന്റേഷൻ എംഎൽഎ, ഡോ. പി.വി. ബാലചന്ദ്രൻ എന്നിവർ സമീപം.
ചിത്രം: മനോരമ

# മൂല്യവർധിത ഉൽപന്നങ്ങളിലൂടെ വിപണി പിടിച്ചെടുക്കണം: കേന്ദ്രമന്ത്രി കെ.വി. തോമസ്

**'കേരളത്തിലെ ഷാപ്പുകളിലെ കള്ളു മുഴുവൻ നല്ലതാണെന്നു കരുതാനാവില്ല'**

കൊച്ചി ● മൂല്യവർധിത ഉൽപന്നങ്ങളിലൂടെ വിപണി പിടിച്ചെടുക്കാനാണു ശ്രമിക്കേണ്ടതെന്നു കേന്ദ്ര ഭക്ഷ്യ സഹമന്ത്രി കെ.വി. തോമസ്. കേരളത്തിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിനു കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം സാങ്കേതിക സഹായം നൽകും. സംസ്ഥാനത്തു ഭക്ഷ്യ സംസ്കരണ മേഖലയ്ക്കു പ്രത്യേകമായി വകുപ്പു രൂപീകരിക്കുന്നതു കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരള അഗ്രി–ഫുഡ് പ്രോ മീറ്റ് ജവാഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ നല്ല കള്ളു കിട്ടാനില്ലെന്നു കെ.വി. തോമസ് പറഞ്ഞു. കേരളത്തിലെ മുഴുവൻ തെങ്ങും ചെത്തിയാലും ഇപ്പോൾ ഷാപ്പുകളിലൂടെ വിൽക്കുന്നത്ര അളവിൽ കള്ളു കിട്ടില്ല. അതുകൊണ്ടു തന്നെ ഷാപ്പുകളിലൂടെ വിൽക്കുന്ന കള്ളു മുഴുവൻ നല്ലതാണെന്നു കരുതാനാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ചായ, കാപ്പി, ഏലം തുടങ്ങിയവയെല്ലാം നാം ഉൽപാദിപ്പിക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ അവയുടെ പായ്ക്കിങ് ആകർഷകമാക്കണം.

കൂടുതൽ ആളുകളെ ഉൽപന്നം വാങ്ങാൻ അതു പ്രേരിപ്പിക്കും. കൊളംബോയിൽ പോയപ്പോൾ തേയില മനോഹരമായി പായ്ക്കു ചെയ്തു വിൽക്കുന്നതു കണ്ടു. തെങ്ങിന്റെ നാടാണു കേരളം. കേര കർഷകർക്കായി കേന്ദ്രം കൊപ്രയുടെ താങ്ങുവില വർധിപ്പിച്ചു.

പക്ഷേ, അതുകൊണ്ടുമാത്രം കർഷകരെ രക്ഷിക്കാൻ കഴിയില്ല. തെങ്ങിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കണം. നീര ഉദാഹരണമാണ്. സംസ്ഥാന സർക്കാരും നാളികേര വികസന ബോർഡും സഹകരിച്ചാൽ നീര വ്യാവസായികാടിസ്ഥാനത്തിൽ വിപണനം ചെയ്യാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ഭക്ഷ്യ സംസ്കരണത്തിനു പ്രത്യേക വകുപ്പു രൂപീകരിക്കണമെന്ന ആവശ്യം ആലോചിക്കാവുന്നതാണെന്നു വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

കേരളത്തിനു വളരാൻ ഏറെ സാധ്യതകളുള്ള മേഖലയാണു ഭക്ഷ്യ സംസ്കരണ മേഖല. നിക്ഷേപകരും ഈ മേഖലയിലേക്കു ശ്രദ്ധിക്കണം.

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സഹായം തേടി കൂടുതൽ പദ്ധതികൾ നൽകിയ ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണു കേരളമെന്നു കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം സെക്രട്ടറി രാജേഷ് കക്കർ പറഞ്ഞു. എന്നാൽ, സംസ്ഥാനങ്ങളിൽ ഭക്ഷ്യ സംസ്കരണത്തിനു പ്രത്യേകം വകുപ്പില്ലാത്തതിനാൽ മേഖലയ്ക്കു പൂർണമായി ശ്രദ്ധ നൽകാൻ ആരുമില്ലാത്ത സ്ഥിതിയുണ്ട്.

എംഎൽഎമാരായ ബെന്നി ബഹനാൻ, ഡൊമിനിക് പ്രസന്റേഷൻ, ഹൈബി ഈഡൻ, സംസ്ഥാന വ്യവസായ വകുപ്പ് ഡയറക്ടർ കെ.എസ്. ശ്രീനിവാസ്, കെ–ബിപ് ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ വി. രാജഗോപാൽ എന്നിവർ പ്രസംഗിച്ചു.

ഭക്ഷ്യ സംസ്കരണ മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പ്രദർശന, വിപണന മേളയായ അഗ്രി–ഫുഡ് പ്രോ മീറ്റ് സംഘടിപ്പിക്കുന്നത്. 200 സ്റ്റാളുകൾ മേളയിലുണ്ടാകും. ഇന്നും നാളെയും സെമിനാറുകൾ നടക്കും. മേള 21നു സമാപിക്കും.